"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ വർക്കർ തസ്തികയിൽ ജോലി നോക്കി വരവെ മരണപ്പെട്ട ശ്രീ. അശോക് കുമാർ ഡി. യുടെ മകളായ ശ്രീമതി രേഖമോൾ എസ്. ന് ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(കൈ) നം.9/2025/AGRI തീയതി, തിരുവനന്തപുരം, 28-01-2025

---

പരാമർശം:-
1. 07.06.2007 ലെ സ.ഉ.(അച്ചടി) നം.32/2007/പ്ലാനിംഗ്
2. 05/06/2010 ലെ സ.ഉ.(പി) നം.28/2010/പ്ലാനിംഗ്
3. 22.11.2018 ലെ സ.ഉ.(അച്ചടി) നം.18/2018/പ്ലാനിംഗ്
4. 26.08.2023 ലെ സ.ഉ.(പി) നം.17/2023 /പ്ലാനിംഗ്
5. ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 26.5.2023 ലെ ഒപി/പിഡി/577 നം കത്ത്
6. പത്തനംതിട്ട ജില്ലാ കളക്ടറുടെ 25.10.2024 ലെ DCPTA/4165/2023-S4 നം. കത്ത്

**<u>ഉത്തരവ്</u>**

ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ വർക്കർ ആയി ജോലി നോക്കി വരവെ മരണപ്പെട്ട ശ്രീ. അശോക് കുമാർ ഡി യുടെ മകളായ ശ്രീമതി രേഖമോൾ എസ്. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ വർക്കർ തസ്തികയിൽ ജോലി നല്കണമെന്ന് 28.03.2023 ലെ 224-ാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) ലെ കത്ത് പ്രകാരം ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2. ശ്രീമതി രേഖമോൾ എസ് സമർപ്പിച്ച ആശ്രിത നിയമനാപേക്ഷയിന്മേലുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ പരാമർശം (4) ലെ റിപ്പോർട്ട് പ്രകാരം ഓയിൽ പാം ഇന്ത്യയിൽ 08.01.2009 മുതൽ വർക്കർ ആയി ജോലി നോക്കി വരവെ 26.05.2022 ൽ മരണമടഞ്ഞ അശോക് കുമാർ ഡി യ്ക്ക് 13വർഷം 4മാസം 18ദിവസം സേവനകാലമുള്ളതാണ്.

3. അപേക്ഷകയായ ശ്രീമതി രേഖാമോൾ എസ്. എസ്.എസ്.എൽ.സി., ബി.എ. എൻ ടി.സി.(സി.ഒ.പി.എ) പരീക്ഷകൾ വിജയിച്ചിട്ടുള്ളതാണ്. അപേക്ഷകയുടെ ജനനതീയതി 15.5.1985 ആണ്. ടിയാളുടെ കുടുംബ വാർഷികവരുമാനം 2,16,000/- രൂപയാണ്. പരേതന്റെ കുടുംബത്തിൽ നിന്നും അപേക്ഷക ഒഴികെ മറ്റ് അവകാശികളാരും തന്നെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പരേതന്റെ മറ്റ് അവകാശികൾ അപേക്ഷകയായ ശ്രീമതി.രേഖാമോൾ എസ്. ന് ആശ്രിത നിയമനം നൽകുന്നതിലേയ്ക്ക് സമ്മതപത്രം നൽകിയിട്ടുണ്ട്. പ്രസ്തുത ജോലി ലഭിച്ചാൽ ടിയാന്റെ കുടുംബത്തെ മരണം വരെ സംരക്ഷിച്ചുകൊള്ളാമെന്ന് അപേക്ഷകയും മൊഴി നൽകിയിട്ടുണ്ട്. ശ്രീമതി രേഖമോൾ എസ് ന്റെ ആശ്രിതനിയമന പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിട്ടുമുള്ളതാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിൽ സേവനത്തിലിരിക്കെ മരണപ്പെട്ട അശോക് കുമാർ ഡി.- യുടെ മകൾ ശ്രീമതി. രേഖ മോൾ എസ് (പത്താലിൽ പുത്തൻ വീട്, മുട്ടുക്കോണം പി.ഒ., കോഴഞ്ചേരി, പത്തനംതിട്ട - 689625 ) ന് പരാമർശം 1, 2, 3, 4 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിൽ വർക്കർ തസ്തികയിൽ സമാശ്വാസ

തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം , പൂർവ്വചരിത്രം, വൈദ്യപരിശോധനാ സർട്ടിഫിക്കറ്റ് തുടങ്ങിയവ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിശോധിച്ചതിനുശേഷം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകളും നിലവിലെ ഒഴിവുകളും പരിശോധിച്ച മാത്രം ഓയിൽ പാം ഇന്ത്യ മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സമീപകാലത്തെ പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അപേക്ഷ നിയമനാധികാരികൾ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി രേഖമോൾ.എസ്, പത്താലിൽ പുത്തൻ വീട്, മുട്ടത്തുക്കോണം പി.ഒ., കോഴഞ്ചേരി, പത്തനംതിട്ട - 689625
2. മാനേജിംഗ് ഡയറക്ടർ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കോട്ടയം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരളം, തിരുവനന്തപുരം
4. ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ് (16.12.2024 ലെ PLGEA-BPE2/168/2024-PLGEA നം. പ്രകാരം)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
സെക്ഷൻ ഓഫീസർ
Date: 28-01-2025 16:39:32